Kerala Gazette No. 39 dated 3rd October 1961.

PART III

പറവൂർ മുനിസിപ്പൽ കൗൺസിൽ

പരസ്യം.

(1)

1961-ലെ 14-ാം ആക്ടായ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 96 (b), 110 എന്നീ വകുപ്പുകളനുസരിച്ചും, ടി ആക്ടിലെ 2-ാം ഷെഡ്യൂളം 19 (1) ചട്ടപ്രകാരവും ക്ലിപ്തപ്പെടുത്തിയിട്ടുള്ള പരമാവധി നിരക്കിനും പുറമെ പ്രസ്തുത ചട്ടത്തിലെ പ്രൊവിസോ അനുസരിച്ചു താഴെ വിവരിക്കുന്ന അർദ്ധവാർഷിക നിരക്കനുസരിച്ച് 1961 ഒക്ടോബർ 1-ാംനു മുതൽ തൊഴിൽ നികുതി ചുമത്തുവാൻ 20-9-1961-ൽ കൂടിയ കൗൺസിൽയോഗം 1 (1)-ാം നമ്പരായി തീരുമാനിച്ചിട്ടുള്ള വിവരം ടി ആക്ടിലെ 97-ാം വകുപ്പനുസരിച്ച് ഇതിനാൽ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ.

ക്ലാസ്സ്	അർദ്ധവർഷത്തെ ആദായം				അർദ്ധവർഷത്തെ കരം Rs.
I	21,000 രൂപയിൽ കൂടുതൽ				275·00
II	18,000	do.	എന്നാൽ 21,000 രൂപയിൽ കവിയാതെ		225·00
III	12,000	do.	18,000	do.	150·00
IV	9,000	do.	12,000	do.	75·00
V	6,000	do.	9,000	do.	50·00
VI	4,800	do.	6,000	do.	37·00
VII	3,000	do.	4,800	do.	18·00
VIII	1,800	do.	3,000	do.	9·00
IX	1,200	do.	1,800	do.	6·00
X	600	do.	1,200	do.	3·00

21,000 രൂപയിൽ കൂടുതൽ അർദ്ധവാർഷിക ആദായം കിട്ടുന്ന ഒന്നാം ക്ലാസിൽപ്പെട്ട കമ്പനികൾ 275 രൂപ അർദ്ധവാർഷിക ആദായത്തിനും പുറമെ കൂടുതൽ കിട്ടുന്ന ആദായത്തിന് ഓരോ ആറു രൂപയോ അതിന്റെ അംശത്തിനോ ഒരു രൂപ പ്രകാരമുള്ള കൂടുതൽ കരം കൊടുക്കേണ്ടതാണ്. ഇതേ സംബന്ധിച്ച് ആർക്കെങ്കിലും വല്ല ആക്ഷേപവുമുണ്ടെങ്കിൽ ഈ പരസ്യം ഗവണ്മെന്റ് ഗസററിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ആഫീസു മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്നും അപ്രകാരം ഒരു മാസത്തിനകം സമർപ്പിക്കാത്ത ആക്ഷേപങ്ങൾ ഗൌനിക്കുന്നതല്ലെന്നും പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

മുനിസിപ്പൽ ആഫീസ്,
പറവൂർ, 20-9-1961.

ടി. ജി. കാതർപിള്ള,
കൗൺസിലിനുവേണ്ടി കമ്മീഷണർ.

(2)

1961-ലെ 14-ാം ആക്ടായ കേരള മുനിസിപ്പാലിറ്റി ആക്ട് 96 (c), 118 എന്നീ വകുപ്പുകൾപ്രകാരം മൃഗങ്ങൾക്കും, വാഹനങ്ങൾക്കും, യാനപാത്രങ്ങൾക്കുമുള്ള നികുതി 2-ാം ഷെഡ്യൂൾ 23 (a) ചട്ടമനുസരിച്ചു താഴെ വിവരിക്കുന്ന നിരക്കിൻപ്രകാരം 1961 ഒക്ടോബർ 1-ാംനു മുതൽ ചുമത്തുവാൻ

20–9–1961–ൽ കൂടിയ കൗൺസിൽ യോഗം I (2)–ാം നമ്പരായി തീരുമാനിച്ചിട്ടുള്ള വിവരം ടി ആക്റ്റിലെ 97–ാം വകുപ്പനുസരിച്ച് ഇതിനാൽ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തിയിരിക്കുന്നു.

	അർദ്ധവാർഷികകരം Rs.
ആന	12·00
ഒട്ടകം	6·00
കുതിര, കോവർ കഴുത, മട്ടക്കുതിര	3·00
കാള വണ്ടിക്കാള പോത്ത്	2·00
പന്നി	2·00
കഴുത	1·00
പട്ടി	1·00
ആറു പേരിലധികം കയറാവുന്നതും കൂലിക്ക് വിടുന്നതുമായ മോട്ടോർബോട്ടോ, ആവിബോട്ടോ ഓരോന്നിനും	30·00
ഓരോ സ്റ്റീം ടഗ്ഗിനും അല്ലെങ്കിൽ മോട്ടോർ ടഗ്ഗിനും	50 00
ഒരു സ്റ്റീം ടഗ്ഗിനോടോ മോട്ടോർ ടഗ്ഗിനോടോ അനുബന്ധിച്ചുള്ളതോ അനുബന്ധിക്കാവുന്നതോ ആയ ബാർജിനും അല്ലെങ്കിൽ മറ്റ് യാനപാത്രത്തിനും	25·00
മറ്റ് മോട്ടോർബോട്ടോ ആവിബോട്ടോ ഓരോന്നിനും	15·00
ക്യാമ്പിൻബോട്ട് ഓരോന്നിനും	2·50
നാലു ടണ്ണും അതിൽ കവിഞ്ഞും കേവുഭാരമുള്ള വള്ളം ഓരോന്നിനും	2·00
ഒരു ടണ്ണും അതിനുമേൽ നാലു ടണ്ണിൽ കുറവു കേവുഭാരമുള്ള വള്ളം ഒരോന്നിനും	1·00
കുതിരകളെക്കൊണ്ട് വലിപ്പിക്കുന്ന വണ്ടികളോ വാഹനങ്ങളോ ഓരോന്നിനും	6 00
മറ്റുള്ള മൃഗങ്ങളെക്കൊണ്ടു വലിപ്പിക്കുന്ന വണ്ടികൾ ഓരോന്നിനും	4·00
കൈവണ്ടിയോ ഉന്തുവണ്ടിയോ ഓരോന്നിനും	2·00
സൈക്കിൾ, മൂന്നു ചക്രമുള്ള സൈക്കിൾ, സൈക്കിൾ റിക്ഷ ഓരോന്നിനും	2·00

ഇതു സംബന്ധിച്ച് ആർക്കെങ്കിലും വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയതു് ഈ പരസ്യം ഗവണ്മെന്റു ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ആഫീസു മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്നും അപ്രകാരം ഒരു മാസത്തിനകം സമർപ്പിക്കാത്ത ആക്ഷേപങ്ങൾ ഗൗനിക്കുന്നതല്ലെന്നും പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

മുനിസിപ്പൽ ആഫീസ്,
പറവൂർ, 20-9-1961.

ടി. ഒ. കാതർപിള്ള,
കൗൺസിലിനുവേണ്ടി കമ്മീഷണർ.

(3)

1961-ലെ 14-ാം ആക്റ്റായ കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് 96 (ഡി) വകുപ്പനുസരിച്ചുള്ള പ്രദർശനനികുതി ടി ആക്റ്റിലെ 124-ാം വകുപ്പു പ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുള്ള താഴെ വിവരിക്കുന്ന നിരക്കനുസരിച്ച് 1961 ഒക്ടോബർ 1-ാംനു മുതൽ ചുമത്തുവാൻ 20-9-1961-ൽ കൂടിയ കൗൺസിൽ യോഗം I (iii)-ാം നമ്പരായി തീരുമാനിച്ചിട്ടുള്ള വിവരം ടി ആക്റ്റിലെ 97-ാം വകുപ്പനുസരിച്ച് ഇതിനാൽ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തിയിരിക്കുന്നു.

1. സിനിമാ പ്രദർശനം—ഓരോ പ്രദർശനത്തിന് 2 രൂപ വീതം.
2. മറ്റ് പ്രദർശനങ്ങൾ—ഓരോന്നിനും 5 രൂപ വീതം.

ഇതിനെ സംബന്ധിച്ച് ആർക്കെങ്കിലും വല്ല ആക്ഷേപവുമുണ്ടെങ്കിൽ ഈ പരസ്യം ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ആഫീസ്സ് മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്നും അപ്രകാരം ഒരു മാസത്തിനകം സമർപ്പിക്കാത്ത ആക്ഷേപങ്ങൾ ഗൗനിക്കുന്നതല്ലെന്നും പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

മുനിസിപ്പൽ ആഫീസ്സ്,
പറവൂർ, 20-9-1961.

ടി. ഓ. കാതർപിള്ള,
കൗൺസിലിനുവേണ്ടി കമ്മീഷണർ.

(4)

No. A 382/61.

1961-ലെ 14-ാം ആക്ടായ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 97-ാം വകുപ്പനുസരിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പരസ്യം ചെയ്യുന്നതെന്തെന്നാൽ,

ടി ആക്ട് 96 (ഉ) വകുപ്പ് അനുസരിച്ച് പരസ്യനികുതി ചുമത്തുവാനും ആയതു ടി ആക്ട് 126-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ അതിർത്തിക്കകത്ത് വയ്ക്കുന്നതോ പ്രദർശിപ്പിക്കുന്നതോ ആയ എല്ലാ പരസ്യങ്ങൾക്കും 1961 സെപ്റ്റംബർ 8-ാം നു-യിലെ G. O. 1007/61/H. & L. D. നോട്ടിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള താഴെ പട്ടികയിൽ പറയുന്ന ഓരോ ഇനത്തിനും ഒരു കലണ്ടർമാസത്തേയ്ക്കോ അതിൽ കുറഞ്ഞ കാലത്തേയ്ക്കോ പരസ്യനികുതി 1961 ഒക്ടോബർ മാസം 1-ാം നു- മുതൽ വസൂലാക്കുന്നതിന് 20-9-1961-ൽ കൂടിയ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയതു ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതീയതി മുതൽ ഒരു മാസത്തിനകം രേഖാമൂലം ഈ ആഫീസിൽ ബോധിപ്പിച്ചിരിക്കേണ്ടതാകുന്നു.

ഒരു കലണ്ടർ മാസത്തേയ്ക്കോ അതിൽ കുറഞ്ഞ കാലത്തേയ്ക്കോ

പരസ്യങ്ങളിന്മേലുള്ള നികുതി നിരക്ക്.

		Rs.
1.	പ്രകാശപ്പെടുത്താത്ത ആകാശ അടയാളങ്ങളുടെ (sky signs) മാതൃകയിൽ വേലികളും, ഭിത്തികളും, തൂണുകളും ഇവകളിന്മേലുള്ള പരസ്യനിരക്ക്—	
	(a) 10 ച. അടിയിൽ കവിയാത്ത സ്ഥലത്തിന്	0·50
	(b) 10 ച. അടിക്ക് മേൽ 25 അടി വരെ	0·75
	(c) കൂടുതലായിവരുന്ന ഓരോ 25 ച. അടി സ്ഥലത്തിനും അംശത്തിനും	0·50
2.	പോസ്റ്റേഴ്സ്:	
	(a) 4 ച. അടിയിൽ കവിയാത്ത സ്ഥലത്തിന്.	0·25
	(b) 8 ടി	0·50
	(c) കൂടുതലായി വരുന്ന 10 ച. അടി സ്ഥലത്തിനും	0·25
3.	കാളകളും, മനുഷ്യർ, കുതിരകളും എന്നിവ വലിക്കുന്ന വണ്ടികളിലോ സൈക്കിളിലോ മറ്റു വാഹനങ്ങളിലോ മോട്ടോർ വണ്ടികളിലോ നടത്തുന്ന പരസ്യങ്ങൾക്ക്:—	
	(a) മോട്ടോർകാർ, ലോറി എന്നിവയും മോട്ടോർ ശക്തിയോ വൈദ്യുത ശക്തിയോ ഉപയോഗിച്ച് നടത്തുന്ന മറ്റു വാഹനങ്ങളും ഒഴിച്ചുള്ള വണ്ടി ഓരോന്നിനും	2·25
	(b) മോട്ടോർകാർ, ലോറി അല്ലെങ്കിൽ മോട്ടോർ ശക്തിയോ വൈദ്യുത ശക്തിയോ ഉപയോഗിച്ച് നടത്തുന്ന മറ്റു വാഹനങ്ങളും ഓരോന്നിനും	5·25
4.	ചുമന്നുകൊണ്ട് പോകുന്ന പരസ്യ ബോർഡുകൾക്ക്	1·00

		Rs.
5.	പ്രകാശപ്പെടുത്തിയിട്ടുള്ള പരസ്യങ്ങൾക്കും (sky signs) ആകാശ അടയാളങ്ങൾക്കും—	
	(a) 5 ച. അടിവരെയുള്ള സ്ഥലത്തിന്	1·00
	(b) 5 ച. അടിക്കു മേൽ 25 ച. അടി വരെയുള്ള സ്ഥലത്തിന്	2·00
	(c) കൂടുതലായി വരുന്ന ഓരോ 25 ച. അടിവരെയുള്ള സ്ഥലത്തിന്	1·00
6.	ലാന്റേൺ സ്ലൈഡുകൾ മുഖേന സ്ക്രീനുകളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്—	
	(a) 5 ച. അടിവരെയുള്ള സ്ഥലത്തിന്	2·00
	(b) 5 ച. അടിക്കു മേൽ 25 ച. അടിവരെ	2·50
	(c) കൂടുതലായിവരുന്ന ഓരോ 25 അടിക്കും അംശത്തിനും	1·00

തെരുവുകളിൽ കുറുകെ തൂക്കിയിട്ടുള്ള തുണികളിന്മേലുള്ള പരസ്യങ്ങൾക്ക് തെരുവിന് 10 അടി മുതൽ 20 അടി വരെ വീതിയുള്ളപക്ഷം ഓരോ കലണ്ടർ മാസത്തിനും അതിൽ കുറഞ്ഞ കാലത്തേക്കും 3 രൂപയും തെരുവിന് 20 അടി മുതൽ 50 അടി വരെ വീതിയുള്ളപക്ഷം 6 രൂപയും ആകുന്നു. 50 അടിയോ അതിൽകുറവോ വീതിയുള്ള തെരുവുകൾക്ക് മാത്രമേ ഈ നിരക്ക് ബാധകമാകയുള്ളു.

മുനിസിപ്പൽ ആഫീസ്,
പറവൂർ, 20-9-1961.

T. O. KHATHIR PILLAI,
Commissioner.
For & on behalf of the Council.

(4)

1961-ലെ XIV-ാം ആക്ടായ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 309-ാം വകുപ്പനുസരിച്ച് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ച് പറവൂർ മുനിസിപ്പൽ കൗൺസിലിന്റെ 20-9-1961-ലെ II-ാം നമ്പർ തീരുമാനപ്രകാരം പറവൂർ വില്ലേജിൽ സർവ്വെ 276/1-ൽപ്പെട്ടതും കച്ചേരിതോടിന് തെക്കുവശമായും ആലുവാ-പറവൂർ റോഡിന് വടക്കുവശമായും പുറമ്പോക്ക് വഴിക്ക് പടിഞ്ഞാറുവശമായും കച്ചേരി തോടിന്റെ പടിഞ്ഞാറുവശമുള്ള റോഡിന് കിഴക്കുവശമായും സ്ഥിതി ചെയ്യുന്ന 8·4 സെന്റ് സ്ഥലം മുനിസിപ്പൽ വാഹനത്താവളമായി പ്രഖ്യാപിച്ചിരിക്കുന്നു. കൂടാതെ 20-9-61-ലെ കൗൺസിൽ തീരുമാനപ്രകാരം പ്രസ്തുത വാഹനത്താവളം ഉപയോഗിക്കുന്നതിന് കേരള മുനിസിപ്പാലിറ്റീസ് ആക്ട് 309-ാം വകുപ്പുപ്രകാരം താഴെ കാണിച്ചിരിക്കുന്ന നിരക്കനുസരിച്ച് ഫീസ് ചുമത്തുവാനും നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

ഫീസ് നിരക്ക്

1	ഓരോ ബസ്സിനും അർദ്ധരാത്രി 12 മണിക്ക് ആരംഭിച്ച് അടുത്ത അർദ്ധരാത്രി 12 മണിക്ക് അവസാനിക്കുന്ന ഒരു ദിവസത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ	50 ന.പ.
2	ഓരോ ടാക്സികാറിനും അർദ്ധരാത്രി 12 മണിക്ക് ആരംഭിച്ച് അടുത്ത അർദ്ധരാത്രി 12 മണിക്ക് അവസാനിക്കുന്ന ഒരു ദിവസത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ	25 ന.പ.

1961-ലെ XIV-ാം ആക്ടായ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 310-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് താഴെ പ്രസ്താവിച്ചിട്ടുള്ള സ്ഥലങ്ങളൊഴിച്ച് മുനിസിപ്പൽ അതിർത്തിക്കകത്ത് യാതൊരു സ്ഥലവും ബസ്സ്

സ്റ്റാൻഡായോ, ബസ്സ് സ്റ്റോപ്പായോ, ഹാൾട്ടിംഗ് പ്ലേസായോ, കാർ പാർക്കായോ ഉപയോഗിക്കാൻ പാടില്ലെന്ന് കൗൺസിൽ തീരുമാനിച്ചിരിക്കുന്നു.

(1) വെടിമറകവല
(2) ചേന്ദമംഗലം കവല
(3) മുനിസിപ്പൽവാഹനത്താവളം
(4) നമ്പൂരിയച്ചൻ ആൽത്തറ യ്ക്കടുത്ത്
(5) ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡ്
(6) മുനിസിപ്പൽ കവല
(7) കണ്ണൻകുളങ്ങര കവല
(8) പനഗേററിനടുത്ത്
(9) കോട്ടക്കാവ് പള്ളിനട
(10) വടക്കേക്കരപാലത്തിനടുത്ത്
(11) റിപ്പബ്ലിക്ക് റോഡ് കവല
(12) തെക്കെനാലുവഴി കവല
(13) തോണിയ്ക്കാവ് ക്ഷേത്രനട
(14) നമ്പ്യാട്ടുകുന്നം അപ്പർ പ്രൈമറി സ്കൂളിനു മുൻവശം
(15) ചുണ്ടാണിക്കാവ് കവല
(16) കോററുവോടത്ത് കവല
(17) കേസരി കവല
(18) പെരുവാരം പടിഞ്ഞാറെ നട
(19) ഞാറക്കാട്ട് കവല
(20) വഴിക്കുളങ്ങര കവല
(21) കടവത്തു കവല
(22) കുന്നത്തോട്ടിപ്പറമ്പ് കവല
(23) പെരുമ്പടന്ന കവല
(24) ചേന്ദമംഗലം പാലത്തിനടുത്ത്

1961-ലെ XIV-ാം ആക്ടായ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 310-ാം വകുപ്പുപ്രകാരം മുനിസിപ്പൽ കമ്മീഷണറായ എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മേൽപ്രസ്താവിച്ചിട്ടുള്ള സ്ഥലങ്ങളൊഴിച്ച് മുനിസിപ്പൽ അതിർത്തിക്കകം വരെ യാതൊരു പൊതു സ്ഥലങ്ങളോ പൊതു നിരത്തുകളുടെ അരികുകളോ, ബസ്സ് സ്റ്റാൻഡായോ, ബസ്സ് സ്റ്റോപ്പായോ, ഹാൾട്ടിംഗ് പ്ലേസായോ, കാർ പാർക്കായോ ഉപയോഗിക്കുന്നതിനെ നിരോധിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തിയിരിക്കുന്നു.

ഈ നോട്ടിഫിക്കേഷൻ 1-10-1961 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

മുനിസിപ്പൽ ആഫീസ്,
പറവൂർ, 26-9-1961.

ടി. ഒ. കാദർ പിള്ള,
മുനിസിപ്പൽ കമ്മീഷണർ.